148 (2526) വൈദ്യുതി വിതരണം മെച്ചപ്പെടുത്തുന്നതിന് പദ്ധതി

ശ്രീ. ഇസ്ഹാക്ക് കുരിക്കൾ :

ശ്രീ. പി.കെ.കെ. ബാവ :

ശ്രീ. പി.കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ വൈദ്യുതി വിതരണം മെച്ചപ്പെടുത്തുന്നതിനും കണക്ഷൻ നൽകുന്നതിനും ജില്ലയിലെ ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത് തുടങ്ങിയവ എത്ര ലക്ഷം രൂപ വീതം അടച്ചിട്ടുണ്ട്. ഏതെല്ലാം പദ്ധതികൾക്ക്;

(ബി) ഇവയുടെ പ്രവർത്തനം തുടങ്ങിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ പണി എന്ന് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(സി) ഇതിനകം എത്ര ലക്ഷം രൂപയുടെ പണി ചെയ്തു തീർത്തെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ബ്ലോക്ക് പഞ്ചായത്ത് - 1,05,96,969 രൂപ

ജില്ലാ പഞ്ചായത്ത് - 1,03,47,236 രൂപ

ഗ്രാമ പഞ്ചായത്ത് - 2,32,58,129 രൂപ

മുനിസിപ്പാലിറ്റി - 43,73,470 രൂപ

ലൈൻ എക്സ്റ്റൻഷൻ, ഹരിജൻ കോളനി വൈദ്യുതീകരണം, വോൾട്ടേജ് ഇംപ്രൂവ്മെന്റ് ജോലികൾ, സിസ്റ്റം ഇംപ്രൂവ്മെന്റ് ജോലികൾ, തെരുവുവിളക്കുകൾ സ്ഥാപിക്കൽ തുടങ്ങിയ പദ്ധതികൾക്കാണ് പണം അടച്ചിട്ടുള്ളത്.

(ബി) ഉണ്ട്. സാധനസാമഗ്രികളുടെ ലഭ്യതയ്ക്ക് വിധേയമായി കഴിവതും വേഗത്തിൽ ഇതിന്റെ ജോലികൾ പൂർത്തിയാക്കുന്നതാണ്.

(സി) 1,25,46,005 രൂപയുടെ ജോലികൾ പൂർത്തിയാക്കിയിട്ടുണ്ട്.

149 (2527) ജില്ലാ ആശുപത്രികളിൽ ലോഡ് ഷെഡ്ഡിംഗ് പിൻവലിക്കാൻ നടപടി

ശ്രീ. ഇസ്ഹാക് കുരിക്കൾ :

ശ്രീ. കെ. കുട്ടി അഹമ്മദ്കുട്ടി :

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം ജില്ലാ ആശുപത്രികളിലാണ് ഇപ്പോൾ ലോഡ് ഷെഡിംഗ് നിലവിലുള്ളത്;

(ബി) മഞ്ചേരി ജില്ലാ ആശുപത്രിയിലെ ലോഡ് ഷെഡ്ഡിംഗ് ഇപ്പോൾ തുടരുന്നുണ്ടോ;

(സി) എങ്കിൽ കാരണമെന്ത്;

(ഡി) ഈ ആശുപത്രിയിലെ ലോഡ് ഷെഡ്ഡിംഗ് ഒഴിവാക്കുന്നതിന് മഞ്ചേരി, മുണ്ടുപറമ്പ് സബ് സ്റ്റേഷനിൽനിന്നും നേരിട്ട് വൈദ്യുതി നൽകാൻ നടപടി കൈക്കൊള്ളുമോ?

330/2010.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇടുക്കി ജില്ലയിലെ തൊടുപുഴ ആയുർവേദ ആശുപത്രി, ഹോമിയോ ജില്ലാ ആശുപത്രി എന്നിവയ്ക്കും, കാസർഗോഡ്, വയനാട്, മഞ്ചേരി ജില്ലാ ആശുപത്രികളിലും ലോഡ് ഷെഡ്ഡിംഗ് നിലവിലുണ്ട്.

(ബി) ഉണ്ട്.

(സി) ഇപ്പോൾ ജില്ലാ ആസ്ഥാനങ്ങളിൽ മാത്രമേ ലോഡ്ഷെഡ്ഡിംഗ് ഒഴിവാക്കിയിട്ടുള്ളൂ. മഞ്ചേരി ജില്ലാ ആശുപത്രി ജില്ലാ ആസ്ഥാനത്തല്ല സ്ഥിതി ചെയ്യുന്നത്.

(ഡി) തൽക്കാലം നിർവ്വാഹമില്ല.

150 (2528) മഞ്ചേരി നിയോജകമണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം

ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി നിയോജകമണ്ഡലത്തിൽ വോൾട്ടേജ് ക്ഷാമം വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കാൻ ഇവിടെ ഒരു 33 കെ.വി. സബ് സ്റ്റേഷൻ സ്ഥാപിക്കാൻ വേണ്ട നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇടവണ്ണ, വെള്ളുവമ്പ്ര എന്നീ സ്ഥലങ്ങളിൽ ഓരോ 33 കെ.വി. സബ് സ്റ്റേഷൻ നിർമ്മിക്കുന്നതിന് ഉദ്ദേശിക്കുന്നു. ഈ സബ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് സ്ഥലമേറ്റെടുക്കുന്നതിനുള്ള നടപടികൾ ധൃതഗതിയിൽ നടന്നുവരുന്നു.

151 (2529) മിനിമം ഗ്യാരന്റി വ്യവസ്ഥയിൽ വൈദ്യുതി

ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി നിയോജകമണ്ഡലത്തിലെ കാവനൂർ-നളക്കോട് പ്രദേശത്ത് കാർഷിക ആവശ്യത്തിനുവേണ്ടി എത്ര പേർ മിനിമം ഗ്യാരന്റി വ്യവസ്ഥയിൽ വൈദ്യുതി കണക്ഷന് അപേക്ഷ നൽകിയിട്ടുണ്ട്;

(ബി) ഇതിൽ എത്ര പേർക്ക് വൈദ്യുതി കണക്ഷൻ നൽകി;

(സി) ബാക്കിയുള്ളവർക്ക് എന്നത്തേയ്ക്ക് കണക്ഷൻ നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 42 പേർ.

(ബി)&(സി) ലൈൻ വലിക്കുന്ന ജോലി കഴിഞ്ഞിട്ടില്ല. ലൈൻ വലിച്ചതിനുശേഷം മറ്റു നടപടിക്രമങ്ങൾ പൂർത്തിയാക്കി വൈദ്യുതി കണക്ഷൻ നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly